# പ്രവാചക നിന്ദയും
# പ്രബോധകന്റെ ദൗത്യവും

**എം. എം. അക്ബർ**

മുഹമ്മദ് നബി(സ)യെ അപഹസിച്ചുകൊണ്ടുള്ള കാർട്ടൂണുകൾക്കും അതു പ്രസിദ്ധീകരിച്ച പത്രത്തിനും അതിനെതിരെ നടപടിയെടുക്കാത്ത ഡെൻമാർക്ക് ഗവർൺമെന്റിനും ആവിഷ്കാരസ്വാതന്ത്ര്യത്തിന്റെ പേരിൽ അതിനെ ന്യായീകരിക്കുകയും ഏറ്റുപിടിക്കുകയും ചെയ്ത യൂറോപ്യൻ രാഷ്ട്രങ്ങൾക്കുമെതിരെയുള്ള ലോകത്തിന്റെ പ്രതികരണങ്ങൾ പലവിധത്തിലായിരുന്നു. മുസ്‌ലിംകളെ വെറുതെ പ്രകോപിതരാക്കേണ്ടതില്ലായിരുന്നുവെന്ന രീതിയിലുള്ളതായിരുന്നു പൊതുസമൂഹത്തിന്റെ പ്രതികരണം. സർഗാത്മകതയോ സംസ്കാരമോ എന്തെന്നറിയാത്ത യുക്തിവാദികളൊഴിച്ച് പൊതുവായ കേരളീയ സമൂഹം പ്രതികരിച്ചത് ഈ രൂപത്തിലായിരുന്നു. മുസ്‌ലിംകളെ പ്രകോപിതരാക്കുന്നതിനുവേണ്ടി സാമ്രാജ്യത്വം ആസൂത്രണം ചെയ്ത വൃത്തികെട്ട പദ്ധതിയാണ് കാർട്ടൂൺ വിവാദമെന്നും അവിഷ്കാരസ്വാതന്ത്ര്യത്തിന്റെ പേരിൽ മാന്യൻമാരെ തെറിപറയുന്ന ഏർപ്പാട് ന്യായീകരിക്കപ്പെട്ടുകൂടെന്നുമുള്ള മട്ടിൽ മാർക്സിസ്റ്റ് പത്രം പോലും മുഖപ്രസംഗമെഴുതി. എന്നാൽ പ്രസ്തുത കാർട്ടൂണുകൾ പോസ്റ്ററായി അച്ചടിച്ച് കേരളത്തിലുടനീളം പതിക്കുമെന്നാണ് യുക്തിവാദികളിൽ ചിലർ പറഞ്ഞത്. അത് സംഭവിച്ചില്ല; യുക്തിവാദികൾക്കിടിയിലും ചിലർക്കെങ്കിലും സാമാന്യബുദ്ധിയുണ്ടാവുമല്ലോ.

കേരളത്തിലെ യുക്തിവാദികൾ ഈയിടെയായി ഇസ്‌ലാം വിരുദ്ധരുടെ കേവല കളിപ്പാവകൾ മാത്രമായിപ്പോകുന്നുവെന്നതാണ് വാസ്തവം. യുക്തിവാദി പ്രസിദ്ധീകരണങ്ങളിൽ ബഹുഭൂരിപക്ഷവും ഇസ്‌ലാം വിരുദ്ധമാണ്. ആനുകാലികങ്ങളിൽ സിംഹഭാഗത്തും ഇസ്‌ലാം വിമർശം തന്നെ. തീവ്ര ഹിന്ദുത്വത്തിന്റെ പത്രത്തിൽ ഇസ്‌ലാമി നെ അവഹേളിക്കുന്നതിനായി മാത്രമുള്ള ഒരു പംക്തി കൈകാര്യം ചെയ്യുന്നത് യുക്തിവാദി മാസികകളിൽ സ്ഥിരം എഴുത്തുകാരനായ ഒരാളാണ്. മുഹമ്മദ് നബി(സ)യെ അപഹസിച്ചുകൊണ്ട് രണ്ട് യുക്തിവാദികൾ ചേർന്നെഴുതിയ പുസ്തകത്തിന്റെ വിതരണാവകാശം വാങ്ങിയിരിക്കുന്നത് ക്രൈസ്തവ മിഷണറിമാരാണ്. യുക്തിവാദം = ഇസ്‌ലാം വിരുദ്ധത'എന്ന രൂപത്തിലാണ് ഇന്നത്തെ അവസ്ഥ. കേവലമായ സാമ്പത്തിക ലാഭത്തിനപ്പുറത്ത് ഹിന്ദുതീവ്രവാദികളും ക്രിസ്ത്യൻ മിഷണറിമാരുമായുള്ള യുക്തിവാദികളുടെ കൂട്ടുകെട്ടിന് മറ്റുചില അർഥങ്ങൾ കൂടിയുണ്ട്. ആഗോളാടിസ്ഥാനത്തിലുള്ള ഇസ്‌ലാം വിരുദ്ധസാമ്രാജ്യത്വ ലോബിയുടെ ദ്യംഷ്ടങ്ങൾക്കകത്താണ് ഈ മൂന്നു കൂട്ടരുമെന്നതാണ് വാസ്തവം.

മുഹമ്മദ് നബി(സ)യെ അപഹസിക്കുന്നവരും അതിന് കൂട്ടുനിൽക്കുന്നവരുമെല്ലാം മനസ്സിലാക്കേണ്ട ചില യാഥാർഥ്യങ്ങളുണ്ട്. പ്രവാചകത്വ ലബ്ധി മുതൽ ഇന്നുവരെയും അന്തിമ പ്രവാചകൻ(സ) ഭത്സിക്കപ്പെടുകയും നിന്ദിക്കപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്നുവെങ്കിലും അദ്ദേഹത്തിന്റെ വ്യക്തിത്വത്തെ മാതൃകയാക്കുന്നവരുടെ എണ്ണം വർധിച്ചുകൊണ്ടിരിക്കുകയാണ് എന്ന കാര്യമാണതിൽ ഒന്നാമത്തേത്. ഏറ്റവുമധികം വളർന്നുകൊണ്ടിരിക്കുന്ന മതമാണ് ഇസ്‌ലാം. ഒരാൾ മുസ്‌ലിമാകുമ്പോൾ താൻ മുഹമ്മദ് നബി(സ)യെ മാതൃകയാക്കാമെന്ന് പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്. ഓരോ ദിവസം കഴിയുമ്പോഴും അന്തിമപ്രവാചകന്റെ(സ) മാതൃകയുൾക്കൊള്ളുന്നവരുടെ എണ്ണം വർധിച്ചുവരുകയാണെന്ന് സാരം. ചരിത്രത്തിൽ ഒരാൾക്കും അവകാശപ്പെടാൻ കഴിയാത്ത മഹത്വമാണത്. മുഹമ്മദ് നബി(സ)യെപ്പോലെ മാതൃകയാക്കപ്പെടുന്ന മറ്റാരാണുള്ളത്? നിന്ദിക്കപ്പെടുംതോറും അനുയായിവൃന്ദം വർധിക്കപ്പെടുന്ന അത്ഭുതം മറ്റാരുടെ കാര്യത്തിലാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്?

മുഹമ്മദ് നബി(സ)യുടെ മാതൃകയുടെ സ്വീകാര്യതയെക്കുറിച്ച് പറയുമ്പോഴും മുസ്‌ലിംകൾ നടത്തേണ്ട ഒരു ആത്മവിമർശമുണ്ട്. പരമ്പരാഗതമായി മുസ്‌ലിംകളായവർ പ്രവാചക മാതൃക പിൻപറ്റുന്നതിൽ എത്രത്തോളം ഉൽസുകരാണെന്ന് സ്വയം ചോദിക്കണം. നബി നിന്ദകർക്ക് നൽകാനാവുന്ന ഏറ്റവും ശക്തമായ മറുപടി ആ ജീവിതത്തെ സ്വന്തത്തിലേക്ക് സന്നിവേശിപ്പിക്കുകയാണ്. ആരു നിന്ദിച്ചാലും മുസ്‌ലിംകൾ ആ ജീവിതത്തെ അനുധാവനം ചെയ്യുവാൻ മൽസരിച്ചുകൊണ്ടിരിക്കുമെന്ന് പ്രായോഗികമായി പ്രഖ്യാപിക്കേണ്ടതുണ്ട്. പ്രസ്തുത മറുപടി മൂലം, നബിനിന്ദകരുടെ കെണിയിൽ പെടാൻ ഒരുക്കമില്ലാത്തവരാണ് തങ്ങളെന്ന് പ്രഖ്യാപിക്കുക കൂടി ചെയ്യുകയാണ് മുസ്‌ലിംകൾ. പ്രവാചകനിന്ദക്കെതിരെയുള്ള പ്രതിഷേധങ്ങളിൽ പോലും നബിയുടെ മാതൃക പൂർണമായി പിൻപറ്റുവാൻ മുസ്‌ലിംകൾക്ക് കഴിയണം. പ്രതിഷേധങ്ങൾ

അക്രമാസക്തമാ വുമ്പോൾ പ്രവാചകചര്യയിൽ നിന്ന് അകലുകയാണ് ചെയ്യുന്നത്. അപ്പോൾ നബിനിന്ദകർ ഉദ്ദേശിക്കുന്നതെന്താണോ അതാണ് സംഭവിക്കുക. മുസ്‌ലിംകളെ പ്രകോപിപ്പിക്കുകയും ഇസ്‌ലാം അസഹിഷ്ണുതയാണെന്ന് വരുത്തിത്തീർക്കുകയുമാണല്ലോ അവരുടെ ലക്ഷ്യം.

താൻ ഏറ്റവുമധികം നിന്ദിക്കപ്പെട്ട ത്വാഇഫിൽ വെച്ച് നിന്ദകർക്ക് നേർമാർഗം കാണിച്ചുകൊടുക്കാവാനായി പ്രാർഥിച്ച മുഹമ്മദ് നബി(സ)യുടെ മാതൃകയുൾക്കൊണ്ടുകൊണ്ട് പ്രവാചകചര്യയുടെ സന്ദേശം മറ്റുള്ളവർക്ക് എത്തിക്കുവാൻ യജ്ഞിക്കുകയാണ് പ്രബോധകർ ചെയ്യേണ്ടത്. പ്രവാചകനും ഇസ്‌ലാമുമെല്ലാം തെറ്റിദ്ധരിക്കപ്പെടുമ്പോൾ പ്രബോധകരുടെ ഉത്തരവാദിത്തം വർധിക്കുകയാണ്. പ്രവാചകനിന്ദ ഒരു ചർച്ചയാവുമ്പോൾ അദ്ദേഹത്തെയും അദ്ദേഹം പഠിപ്പിച്ച ആദർശങ്ങളെയും കുറിച്ച് അറിയുവാനുള്ള ഔൽസുക്യമുണ്ടാവും. ഈ ഔൽസുക്യത്തെ സത്യമതസന്ദേശപ്രചരണത്തിന് ഉപയോഗിക്കുവാൻ നമുക്ക് കഴിയണം. അല്ലാഹു അനുഗ്രഹിക്കട്ടെ.